# കലഹം വേണ്ട കൗമാരത്തോട്





സന്ധ്യാറാണി

**സന്ധ്യാറാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153
www.consolace.com

**ഒരു കുട്ടി ജനിക്കുമ്പോൾ മുതൽ അച്ഛനമ്മമാർ ഒരായിരം സ്വപ്നങ്ങൾ നെയ്തു തുടങ്ങും. മകനെ അല്ലെങ്കിൽ മകളെ എന്തു വിളിക്കണം എന്നതിൽ തുടങ്ങി അവരുടെ വിവാഹം വരെ ഒരുപാട് കാര്യങ്ങൾ ആ സ്വപ്നത്തിൽ മിന്നിമറയും**

“ഇരുപതു വർഷം ഞാൻ അവൾക്കു വേണ്ടിയാണ് ജീവിച്ചത്. പക്ഷേ ഇപ്പോൾ അവൾക്ക് ഞാൻ ആരുമല്ലാതായി”- ആ അമ്മ പറഞ്ഞു. അവരുടെ കണ്ണുകളിൽ നിന്ന് ആ സങ്കടത്തിന്റെ ആഴം എനിക്ക് വായിച്ചെടുക്കാൻ കഴിയുമായിരുന്നു. വിവാഹം കഴിഞ്ഞ് മൂന്നു വർഷത്തിനകം അവരുടെ ഭർത്താവ് മരിച്ചു. കൈക്കുഞ്ഞായ മകൾക്കൊപ്പം അവർ തനിച്ചായി. വീണ്ടും ഒരു വിവാഹത്തിന് പലരും അവരെ നിർബന്ധിച്ചു. എന്നാൽ കുഞ്ഞിനെ നല്ലരീതിയിൽ വളർത്തുക എന്നതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ഏറെ പരിശ്രമത്തിനൊടുവിൽ ഒരു ജോലി കണ്ടെത്തി. മകളെ മികച്ച വിദ്യാലയത്തിൽ അയച്ചു പഠിപ്പിച്ചു. അവൾക്ക് നല്ല വസ്ത്രങ്ങൾ വാങ്ങി നൽകി. ലോണെടുത്ത് വീട് പുതുക്കിപ്പണിതു. വിശ്രമം എന്തെന്ന് അറിയാത്ത ദിനങ്ങൾ. ഇതിനിടയിൽ മകൾ വളർന്നു. ഇന്ന് എല്ലാ കാര്യങ്ങളിലും അവൾക്ക് സ്വന്തമായി അഭിപ്രായം ഉണ്ട്. ബിരുദവിദ്യാർത്ഥിനിയായ അവൾ പഠിച്ച് ഒരു ജോലി നേടണമെന്നും വിവാഹം ചെയ്ത് അയക്കണമെന്നതുമാണ് ഇന്ന് അമ്മയുടെ ഏറ്റ

**അച്ഛനമ്മമാരുടെ മനസ്സിൽ മക്കൾ എപ്പോഴും കുട്ടികളാണ്. അവർ വളർന്നാലും വിവാഹം കഴിച്ച് അവർക്ക് കുട്ടികൾ ഉണ്ടായാലും അവർ നിങ്ങളുടെ മനസ്സിൽ ചെറുതു തന്നെയായിരിക്കും. എന്നാൽ മക്കളുടെ ചിന്ത ഈ വഴിയിൽ അല്ല സഞ്ചരിക്കുന്നത്**

വും വലിയ സ്വപ്നം. എന്നാൽ മകൾക്കാവട്ടെ ഇപ്പോൾ അമ്മയോട് സംസാരിക്കുന്നതു പോലും ഇഷ്ടമല്ല. വീട്ടിൽ നിന്ന് നേരത്തെയിറങ്ങുകയും ഏറെ വൈകി തിരിച്ചെത്തുകയും ചെയ്യുന്ന അവൾ ദിവസത്തിലെ മുഴുവൻ സമയവും കൂട്ടുകാർക്കൊപ്പമാണ്. അവധി ദിവസങ്ങളിൽ പുലർച്ചെ സ്കൂട്ടർ എടുത്ത് വീട്ടിൽ നിന്ന് ഇറങ്ങും. എങ്ങോട്ടാണ് പോകുന്നതെന്നോ എന്തിനാണ് പോകുന്നതെന്നോ ചോദിക്കുന്നത് ഇഷ്ടമല്ല. അത്തരത്തിൽ ചോദ്യം ചെയ്യാൻ ശ്രമിച്ചപ്പോഴൊക്കെ വളരെ പരുഷമായിരുന്നു അവളുടെ പെരുമാറ്റം. ചുരുക്കത്തിൽ ഒരു വീട്ടിൽ ഒന്നിച്ചു താമസിക്കുന്നെങ്കിലും അമ്മയും മകളും രണ്ടു ലോകത്താണ്. അവരുടെ ചിന്തകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. ഒരാൾക്ക് മറ്റൊരാളെ മനസ്സിലാക്കാൻ കഴിയുന്നില്ല. എല്ലാ കൗമാരക്കാരുടേയും അച്ഛനമ്മമാർ അനുഭവിക്കുന്ന പൊതുവായൊരു വിഷമത്തിലേയ്ക്കാണിത് ഇത് വിരൽ ചൂണ്ടുന്നത്. കുട്ടികളുടെ ചിന്തകളും സങ്കൽപ്പങ്ങളുമായി പൊരുത്തപ്പെടാൻ അവർക്കു കഴിയുന്നില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ കൗമാരക്കാരും അവരുടെ അച്ഛനമ്മമാരും തമ്മിൽ ഒരു 'കമ്മ്യൂണിക്കേഷൻ ഗ്യാപ്പ്' നിലനിൽക്കുന്നു. ഇത് അവരുടെ ജീവിതത്തിൽ ചെറുതല്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പ്രത്യക്ഷത്തിൽ അത്ര ഗൗരവതരമായി തോന്നില്ലെങ്കിലും ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണിത്.



## നിങ്ങളുടെ കുട്ടി തന്നെ പക്ഷേ...

ഒരു കുട്ടി ജനിക്കുമ്പോൾ മുതൽ അച്ഛനമ്മമാർ ഒരായിരം സ്വപ്നങ്ങൾ നെയ്തു തുടങ്ങും. മകനെ അല്ലെങ്കിൽ മകളെ എന്തു വിളിക്കണം എന്നതിൽ തുടങ്ങി അവരുടെ വിവാഹം വരെ ഒരുപാട് കാര്യങ്ങൾ ആ സ്വപ്നത്തിൽ മിന്നിമറയും. എന്നാൽ യാഥാർത്ഥ്യത്തിലേയ്ക്ക് വരുമ്പോൾ സ്വപ്നവുമായി യാതൊരു ബന്ധവും ഇല്ലാത്ത കാര്യങ്ങളാകും ചിലപ്പോൾ ജീവിതത്തിൽ സംഭവിക്കുക. അപ്പോഴെല്ലാം എന്റെ കുട്ടി ഇങ്ങനെയാകാൻ പാടില്ല എന്ന് വാശിപിടിക്കുന്നതിൽ അർത്ഥമില്ല. നഴ്സറിയിൽ പോകുന്ന പ്രായത്തിൽ അവർ ചിലപ്പോൾ നിങ്ങൾ പറയുന്നതെല്ലാം അനുസരിച്ചെന്നിരിക്കും. എന്നാൽ കോളേജിൽ പോകുന്ന മകനിൽ ആ 'നഴ്സറി'ക്കാരനെ കണ്ടെത്താൻ ശ്രമിച്ചാൽ നിങ്ങൾ പരാജയപ്പെടും. അച്ഛനമ്മമാരുടെ മനസ്സിൽ മക്കൾ എപ്പോഴും കുട്ടികളാണ്. അവർ വളർന്നാലും വിവാഹം കഴിച്ച് അവർക്ക് കുട്ടികൾ ഉണ്ടായാലും അവർ നിങ്ങളുടെ മനസ്സിൽ ചെറുതു തന്നെയായിരിക്കും. എന്നാൽ മക്കളുടെ ചിന്ത ഈ വഴിയിൽ അല്ല സഞ്ചരിക്കുന്നത്. ചെറുപ്പത്തിൽ വഴക്കോ ശിക്ഷയോ പേടിച്ച് അവർ എല്ലാം അനുസരിക്കും. മുതിരുമ്പോൾ അവർക്ക് അവരുടേതായ ഇഷ്ടങ്ങളും താത്പര്യങ്ങളും ഉണ്ടാകും. അതിനു വിലങ്ങിടുമ്പോൾ അവർക്ക് പലപ്പോഴും അതൊരു 'ഇൻസൾട്ട്' ആയാണ് തോന്നുക. അച്ഛനമ്മമാരും മക്കളും തമ്മിൽ പൊരുത്തക്കേടുകൾ തുടങ്ങുന്നത് ഇവിടെയാണ്.

## അറിയാം, തിരുത്താം


നിങ്ങളുടെ വസ്ത്രസൗന്ദര്യ സങ്കൽപ്പങ്ങൾ കുട്ടികൾക്ക് പലപ്പോഴും 'പഴഞ്ചനായിട്ടാവും' അനുഭവപ്പെടുന്നുണ്ടാകുക. അവരുടെ സുഹൃത്തുകളും ക്ലാസ്മേറ്റ്സും ചേർന്ന് സൃഷ്ടിച്ചെടുത്ത ഫാഷൻ ലോകമാവും അവരെ ഭ്രമിപ്പിക്കുന്നത്. അവർ പുതിയ ഫാഷനിലുള്ള വസ്ത്രങ്ങൾ അണിഞ്ഞോട്ടെ. പക്ഷേ കാഴ്ചയിൽ മറ്റുള്ളവർക്ക് അരോചകമാകുന്ന തരത്തിലുള്ള വസ്ത്രങ്ങൾ പാടില്ലെന്ന് പറയാം. പുതിയ ഡ്രസ് എടുക്കാനായി വീട്ടിൽ നിന്ന് ഷോപ്പിലേയ്ക്ക് പുറപ്പെടും മുൻപ് തന്നെ അവരോട് ഇക്കാര്യങ്ങൾ സംസാരിക്കാം. അങ്ങനെ വരുമ്പോൾ കടയിൽ വച്ചുള്ള അനാവശ്യമായ വാക്കുതർക്കങ്ങൾ ഒഴിവാക്കാം. വീട്ടിൽ പൊതുവായുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ അവരുടെ അഭിപ്രായവും തിരക്കുന്നത് നല്ലതാണ്. ഉദാഹരണത്തിന് വീട്ടിലേയ്ക്ക് ഒരു പുതിയ വാഷിങ്മെഷീൻ വാ

**മകനോ മകളോ അവരുടെ എല്ലാ രഹസ്യങ്ങളും തുറന്നു പറയുന്നത് അവരുടെ ബെസ്റ്റ് ഫ്രണ്ടിനോടാകും. എന്താണതിന് കാരണം? എന്തിനും അവർ ഒപ്പം നിൽക്കുമെന്ന വിശ്വാസം. അവരിൽ ഒരാളാണെന്ന തോന്നൽ. അച്ഛനമ്മമാരും ഇത്തരത്തിൽ കുട്ടിയുടെ ബെസ്റ്റ് ഫ്രണ്ട്സ് ആയി മാറാനാണ് ശ്രമിക്കേണ്ടത്. അവരുടെ ജനറേഷന്റെ ട്രെൻഡ്സ് അറിയാൻ ശ്രമിക്കുക.**

ഞ്ഞുന്നുവെന്ന് ഇരിക്കട്ടെ. ചിലപ്പോൾ ഇക്കാര്യത്തിൽ നിങ്ങളേക്കാൾ അറിവ് മകന് ഉണ്ടായെന്നു വരാം. കയ്യിലെ ബജറ്റിന് അനുസരിച്ച് ഏത് ബ്രാൻഡ് വാങ്ങാമെന്ന് അവരുമായി ചർച്ച ചെയ്യുക. അവരുടെ അഭിപ്രായത്തിനും വീട്ടിൽ വിലയുണ്ടെന്ന് അറിയുന്നത് അവർക്ക് അഭിമാനകരമായി തോന്നും. കുട്ടിയുടെ പഠനതാത്പര്യങ്ങളും അച്ഛനമ്മമാർ മനസ്സിലാക്കിയിരിക്കണം. നിങ്ങൾക്ക് നല്ലതെന്നു തോന്നുന്ന ഒരു ഫീൽഡ് കുട്ടിയ്ക്ക് ഇഷ്ടപ്പെടണമെന്നില്ല. രക്ഷിതാവെന്ന നിലയിൽ തൊഴിൽസാധ്യത ഏറെയുള്ള മേഖലയായിരിക്കാം നിങ്ങൾ നിർദേശിക്കുന്നത്. പക്ഷേ താത്പര്യമില്ലാത്ത രംഗത്തേയ്ക്ക് കുട്ടിയെ നിർബന്ധപൂർവ്വം പറഞ്ഞയച്ചാൽ അവർ ആ മേഖലയിൽ ശോഭിക്കണമെന്നില്ല. ഇഷ്ടമില്ലാത്ത കോഴ്സിന് ചേർത്ത എത്രയോ കുട്ടികൾ പഠനം പാതിവഴിയിൽ അവസാനിപ്പിച്ചു മടങ്ങിവരുന്നതു കാണാം. അതിനാൽ അവരുടെ ഇഷ്ടങ്ങൾക്കാകട്ടെ മുൻതൂക്കം. കുട്ടിയുടെ ആഗ്രഹങ്ങളും താത്പര്യങ്ങളും പൂർണ്ണമായി മനസ്സിലാക്കാൻ ശ്രമിക്കുക എന്നതാണ് അവരിലേയ്ക്ക് അടുക്കാനുള്ള വഴി.

## പിടിച്ചു കെട്ടിയിടേണ്ടതില്ല

കുട്ടികൾ വഴിതെറ്റിപോകുമോ എന്ന് രക്ഷിതാക്കൾ ഏറെ ഭയപ്പെടുന്ന കാലം കൂടിയാണ് അവരുടെ കൗമാരം. സ്വന്തമായ ആശയങ്ങളും വ്യക്തിത്വവും കൂട്ടുകെട്ടുകളും രൂപപ്പെടുന്ന ഈ പ്രായത്തിൽ കുട്ടികൾ വഴിമാറി സഞ്ചരിക്കാൻ സാധ്യതയേറെയാണ്. എന്നാൽ അതു ഭയന്ന് അവരെ കൂട്ടിൽ അടച്ചിടേണ്ടതില്ല. കൂട്ടുകാർക്കൊപ്പം കറങ്ങി നടക്കാൻ അവരെ അനുവദിക്കാം. സിനിമയ്ക്കും യാത്രകൾക്കും അനുവാദം നൽകാം. എന്നാൽ അതിനൊപ്പം അവരെ നിരന്തരമായി നിരീക്ഷിക്കണം. അവർ തെറ്റായ വഴിയിലേയ്ക്ക് പോകുന്നു എന്നതിന് വ്യക്തമായ സൂചന കിട്ടിക്കഴിഞ്ഞാൽ അവരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താൻ ശ്രമിക്കാം. നിങ്ങൾക്ക് അതിനു കഴിയുന്നില്ലെങ്കിൽ അവരുടെ അതേപ്രായത്തിലുള്ള ഏതെങ്കിലും കൂട്ടുകാരേയോ കസിൻസിനേയോ ആ ചുമതല ഏൽപ്പിക്കാം.



## അവരുടെ ബെസ്റ്റ് ഫ്രണ്ടാകാം

മകനോ മകളോ അവരുടെ എല്ലാ രഹസ്യങ്ങളും തുറന്നു പറയുന്നത് അവരുടെ ബെസ്റ്റ് ഫ്രണ്ടിനോടാകും. എന്താണതിന് കാരണം? എന്തിനും അവർ ഒപ്പം നിൽക്കുമെന്ന വിശ്വാസം. അവരിൽ ഒരാളാണെന്ന തോന്നൽ. അച്ഛനമ്മമാരും ഇത്തരത്തിൽ കുട്ടിയുടെ ബെസ്റ്റ് ഫ്രണ്ട്സ് ആയി മാറാനാണ് ശ്രമിക്കേണ്ടത്. അവരുടെ ജനറേഷന്റെ ട്രെൻഡ്സ് അറിയാൻ ശ്രമിക്കുക. ഓഫീസിലും പുറത്തും അച്ഛനമ്മമാർ കൂടുതലും അവരുടെ പ്രായത്തിലുള്ളവരോടാണ് ഇടപെടുക. ഇതിന് പകരം ജോഗിങ്ങിനു പോകുമ്പോഴും ഷോപ്പിങ് മാളിൽ പോകുമ്പോഴും മകന്റെ അല്ലെങ്കിൽ മകളുടെ അതേപ്രായത്തിലുള്ളവരുമായി ഇടപഴകാൻ ശ്രദ്ധിക്കുക. അവരുടെ സംസാരരീതികളും പെരുമാറ്റങ്ങളും ശ്രദ്ധിക്കുക. അതേ 'വേവ്ലെങ്ത്തിൽ' മക്കളോടും സംസാരിക്കാനും പെരുമാറാനും കഴിഞ്ഞാൽ നിങ്ങൾ അവരുടെ ഉറ്റ സുഹൃത്തായി മാറുമെന്ന് ഉറപ്പ്.